# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി 1)327/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 17/05/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി 1)327/2022 തീയ്യതി: 17/05/2022

## തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-02-2020 മുതൽ 17-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 14-02-2022 | 28-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-02-2022 | 28-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

നിർമ്മൽ. കെ.ജി, ഓഡിറ്റ് ഓഫീസർ
ശിവദാസൻ. എ.കെ, അസി. ഓഡിറ്റ് ഓഫീസർ
സിജു. പി. ഡാംസൻ, അസി. ഓഡിറ്റ് ഓഫീസർ
സ്റ്റാൻലി. പി.എസ്, അസി. ഓഡിറ്റ് ഓഫീസർ
സുനിൽ. കെ.സി, അസി. ഓഡിറ്റ് ഓഫീസർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.തങ്കമ്മ വർഗ്ഗീസ് | പ്രസിഡന്റ് | 01-04-2020 | 31-10-2020 |

| | | | |
|---|---|---|---|
| (അഡ്മിനിസ്റ്റേറ്റീവ് കമ്മിറ്റി) | സെക്രട്ടറി | 01-11-2020 | 29-12-2020 |
| ശ്രീ.കെ.കെ.റിജീഷ്. | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.പ്രദീപ്.പി.ജി | സെക്രട്ടറി | 01-04-2020 | 05-03-2021 |
| ശ്രീ.ഫ്രാൻസിസ്.എം.ജെ | സെക്രട്ടറി(ഇൻ ചാർജ്) | 06-03-2021 | 31-03-2021 |
| ശ്രീ.റാഷി.പി.ആർ | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ.സാബു.സി.എസ്. | കൃഷി ഓഫീസർ | 01-04-2020 | 14-09-2020 |
| ശ്രീ.ജേക്കബ് ഷേമോൻ | കൃഷി ഓഫീസർ | 15-09-2020 | 30-09-2020 |
| ശ്രീമതി.അശ്വതി.ജി.പ്രസാദ് | കൃഷി ഓഫീസർ | 01-10-2020 | 31-03-2021 |
| ഡോ.അരുൺ.വി | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ.പീറ്റർ ജോസഫ് കിണറ്റിങ്കൽ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2020 | 02-02-2021 |
| ഡോ.ആൻഡ്രിസ്.സി.ജോസഫ് | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 03-02-2021 | 31-03-2021 |
| ശ്രീമതി..ജോമോൾ.സി.ബേബി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 02-11-2020 |
| ശ്രീമതി.ജിബിന.എം.എം | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 03-11-2020 | 31-03-2021 |
| ശ്രീ.ജിജു.കെ.വി | വി.ഇ.ഒ.വെറ്റിലപ്പാറ | 01-04-2020 | 31-03-2021 |
| ശ്രീ.ബിജു.സി.വി | വി.ഇ.ഒ.മലക്കപ്പാറ | 01-04-2020 | 31-03-2021 |
| ശ്രീമതി.ഇന്ദു വിശ്വകുമാർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ജെസ്സി.സി.വൈ | ഹെഡ്മിസ്ട്രസ്, ഗവ.എൽപി.സ്കൂൾ | 01-04-2020 | 15-06-2020 |
| ശ്രീമതി.പൊന്നമ്പിളി.സി.എസ് | ഹെഡ്മിസ്ട്രസ്, ഗവ.എൽപി.സ്കൂൾ | 16-06-2020 | 31-03-2021 |
| ശ്രീ.സെബിൻ.പി.എഫ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ.ഫ്രാൻസിസ്.എം.ജെ | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഡോ. ഇന്ദു. ബി.കെ | മെഡിക്കൽ ഓഫീസർ, | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ആയുർവേദം | | |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: Nirmal K G (Audit Officer, On 19-02-2022)<br>Last Updated By: Nirmal K G (Audit Officer, On 26-04-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Nirmal K G (Audit Officer, On 19-02-2022)<br>Last Updated By: Nirmal K G (Audit Officer, On 27-04-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Nirmal K G (Audit Officer, On 19-02-2022)<br>Last Updated By: Nirmal K G (Audit Officer, On 26-04-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Nirmal K G (Audit Officer, On 19-02-2022)<br>Last Updated By: Nirmal K G (Audit Officer, On 26-04-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Nirmal K G (Audit Officer, On 20-02-2022)<br>Last Updated By: Nirmal K G (Audit Officer, On 26-04-2022) | 1-5 |
| 6 | ക്ഷേമ പെൻഷനുകൾ<br>Written By: Nirmal K G (Audit Officer, On 20-02-2022)<br>Last Updated By: Nirmal K G (Audit Officer, On 26-04-2022) | 1-6 |
| 7 | ക്യാഷ് പരിശോധന<br>Written By: SunilKumar K C (Asst. Audit Officer, On 09-03-2022)<br>Last Updated By: Nirmal K G (Audit Officer, On 26-04-2022) | 1-7 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Siju P. Damson (Asst. Audit Officer, On 08-03-2022)<br>Last Updated By: Nirmal K G (Audit Officer, On 26-04-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Nirmal K G (Audit Officer, On 20-02-2022)<br>Last Updated By: Nirmal K G (Audit Officer, On 26-04-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Nirmal K G (Audit Officer, On 20-02-2022)<br>Last Updated By: Nirmal K G (Audit Officer, On 26-04-2022) | 1-10 |
| 11 | വസ്തു നികുതി - റെസിഡൻഷ്യൽ(തൻവർഷം) - ഡിമാന്റ് തുക, മുൻകൂർ തുകകൾ പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 21-02-2022)<br>Last Updated By: Nirmal K G (Audit Officer, On 26-04-2022) | 1-11 |
| 12 | നോൺ-റെസിഡൻഷ്യൽ (തൻവർഷം)- ഡിമാന്റ് തുക, മുൻകൂർ ക്രമീകരിച്ച തുക എന്നിവ പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 21-02-2022)<br>Last Updated By: Nirmal K G (Audit Officer, On 26-04-2022) | 1-12 |
| 13 | റെസിഡൻഷ്യൽ (കുടിശ്ശിക)- ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 21-02-2022)<br>Last Updated By: Nirmal K G (Audit Officer, On 27-04-2022) | 1-13 |
| 14 | നോൺ-റെസിഡൻഷ്യൽ (കുടിശ്ശിക)- ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 21-02-2022)<br>Last Updated By: Nirmal K G (Audit Officer, On 26-04-2022) | 1-14 |
| 15 | ലൈബ്രറി സെസ്സ് - രജിസ്റ്ററും വാർഷികകണക്കുകളും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 21-02-2022)<br>Last Updated By: Nirmal K G (Audit Officer, On 26-04-2022) | 1-15 |
| 16 | ഡിമാന്റ് തുക അതാത് സമയത്ത് രേഖപ്പെടുത്തേണ്ടതാണ്<br>Written By: Siju P. Damson (Asst. Audit Officer, On 21-02-2022)<br>Last Updated By: Nirmal K G (Audit Officer, On 26-04-2022) | 1-16 |

| | | |
|---|---|---|
| 17 | വസ്തുനികുതി - മുൻകൂർ തുക - വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 21-02-2022)<br>Last Updated By: Nirmal K G (Audit Officer, On 27-04-2022) | 1-17 |
| 18 | ജേണൽ വൗച്ചറുകൾ തയ്യാറാക്കുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 21-02-2022)<br>Last Updated By: Nirmal K G (Audit Officer, On 26-04-2022) | 1-18 |
| 19 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 21-02-2022)<br>Last Updated By: Nirmal K G (Audit Officer, On 26-04-2022) | 1-19 |
| 20 | വരുമാനങ്ങളുടെ മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്<br>Written By: Siju P. Damson (Asst. Audit Officer, On 21-02-2022)<br>Last Updated By: Nirmal K G (Audit Officer, On 26-04-2022) | 1-20 |
| 21 | അടിസ്ഥാന അനുപാതങ്ങൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 21-02-2022)<br>Last Updated By: Nirmal K G (Audit Officer, On 26-04-2022) | 1-21 |
| 22 | "280000000-Prior Period Item"- വൗച്ചറുകൾ തയ്യാറാക്കിയിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 21-02-2022)<br>Last Updated By: Nirmal K G (Audit Officer, On 26-04-2022) | 1-22 |
| 23 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 21-02-2022)<br>Last Updated By: Nirmal K G (Audit Officer, On 26-04-2022) | 1-23 |
| 24 | പഞ്ചായത്ത് ഭൂമി റവന്യൂ രേഖകളിൽ മാറ്റം വരുത്തേണ്ടതാണ്. പുതിയ പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്<br>Written By: Sivadasan A K (Asst. Audit Officer, On 28-02-2022)<br>Last Updated By: Nirmal K G (Audit Officer, On 26-04-2022) | 1-24 |
| 25 | ഫയലുകൾ ലഭ്യമാക്കിയില്ല :- ചെലവ് തുക 3263151/- തടസ്സപ്പെടുത്തുന്നു<br>Written By: SunilKumar K C (Asst. Audit Officer, On 05-03-2022)<br>Last Updated By: Nirmal K G (Audit Officer, On 06-05-2022) | 1-25 |
| 26 | പഞ്ചായത്ത് ക്രിമിറ്റോറിയം വരവുചെലവുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Sivadasan A K (Asst. Audit Officer, On 25-02-2022)<br>Last Updated By: Nirmal K G (Audit Officer, On 06-05-2022) | 1-26 |
| 27 | ഒഴിവാക്കിയ സേവനങ്ങൾക്ക് ജി എസ് ടി - 21,600 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു<br>Written By: Siju P. Damson (Asst. Audit Officer, On 03-03-2022)<br>Last Updated By: Nirmal K G (Audit Officer, On 26-04-2022) | 1-27 |
| 28 | കക്കൂസ് നിർമ്മാണം :- വാല്യൂവേഷൻ സർട്ടിഫിക്കറ്റില്ല<br>Written By: Nirmal K G (Audit Officer, On 06-03-2022)<br>Last Updated By: Nirmal K G (Audit Officer, On 26-04-2022) | 1-28 |
| 29 | കക്കൂസ് നിർമ്മാണം :- മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല<br>Written By: Nirmal K G (Audit Officer, On 06-03-2022)<br>Last Updated By: Nirmal K G (Audit Officer, On 26-04-2022) | 1-29 |
| 30 | മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല<br>Written By: Nirmal K G (Audit Officer, On 06-03-2022)<br>Last Updated By: Nirmal K G (Audit Officer, On 26-04-2022) | 1-30 |
| 31 | സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളുടെ ചെലവ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. 2969250/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Nirmal K G (Audit Officer, On 06-03-2022)<br>Last Updated By: Nirmal K G (Audit Officer, On 06-05-2022) | 1-31 |

| | | |
|---|---|---|
| 32 | ജി.എസ്.ടി ഈടാക്കിയിട്ടില്ല<br>Written By: Nirmal K G (Audit Officer, On 06-03-2022)<br>Last Updated By: Nirmal K G (Audit Officer, On 26-04-2022) | 1-32 |
| 33 | തണ്ണീർ പന്തൽ പദ്ധതി<br>Written By: Nirmal K G (Audit Officer, On 06-03-2022)<br>Last Updated By: Nirmal K G (Audit Officer, On 06-05-2022) | 1-33 |
| 34 | മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതു വരെ പണി പൂർത്തീകരിച്ചിട്ടില്ല<br>Written By: Nirmal K G (Audit Officer, On 06-03-2022)<br>Last Updated By: Nirmal K G (Audit Officer, On 27-04-2022) | 1-34 |
| 35 | ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ചെലവ് തുക 323888/- തടസ്സപ്പെടുത്തുന്നു.<br>Written By: Nirmal K G (Audit Officer, On 06-03-2022)<br>Last Updated By: Nirmal K G (Audit Officer, On 06-05-2022) | 1-35 |
| 36 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Stanley P S (Asst. Audit Officer, On 11-03-2022)<br>Last Updated By: Nirmal K G (Audit Officer, On 26-04-2022) | 1-36 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Nirmal K G (Audit Officer, On 20-02-2022)<br>Last Updated By: Nirmal K G (Audit Officer, On 27-04-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Nirmal K G (Audit Officer, On 20-02-2022)<br>Last Updated By: Nirmal K G (Audit Officer, On 06-05-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Nirmal K G (Audit Officer, On 20-02-2022)<br>Last Updated By: Nirmal K G (Audit Officer, On 27-04-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Nirmal K G (Audit Officer, On 20-02-2022)<br>Last Updated By: Nirmal K G (Audit Officer, On 27-04-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Nirmal K G (Audit Officer, On 20-02-2022)<br>Last Updated By: Nirmal K G (Audit Officer, On 27-04-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Nirmal K G (Audit Officer, On 20-02-2022)<br>Last Updated By: Nirmal K G (Audit Officer, On 27-04-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Nirmal K G (Audit Officer, On 20-02-2022)<br>Last Updated By: Nirmal K G (Audit Officer, On 06-05-2022) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Nirmal K G (Audit Officer, On 20-02-2022)<br>Last Updated By: Nirmal K G (Audit Officer, On 27-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Nirmal K G (Audit Officer, On 20-02-2022)<br>Last Updated By: Nirmal K G (Audit Officer, On 27-04-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Nirmal K G (Audit Officer, On 20-02-2022)<br>Last Updated By: Nirmal K G (Audit Officer, On 17-05-2022) | 4-10 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബഡ്ജറ്റ്

| പാസാക്കിയ തീയതി | കമ്മിറ്റി തീരുമാനം/തീയതി | പ്രതീക്ഷിത വരുമാനം | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 20.03.2020 | 1/1 | 156540000 | 155919000 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തീയതി | കമ്മിറ്റി തീരുമാനം നമ്പർ | പ്രതീക്ഷിത വരുമാനം | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 08.02.2021 | 5/1 | 161613827 | 160777827 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | 17-06-2021 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14563927 |
| വരവ് | 86479601 |
| ആകെ | 101043528 |
| ചെലവ് | 87238104 |
| നീക്കിയിരുപ്പ് | 13805424 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 3,54,83,400 | 3,54,83,400 | 2,94,30,922 | 60,52,478 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 66,91,900 | 66,91,900 | 57,94,731 | 8,97,169 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 32,30,301 | 32,30,301 | 10,57,634 | 21,72,667 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 46,69,000 | 46,69,000 | 37,20,464 | 9,48,536 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 77,67,632 | 77,67,632 | 77,11,591 | 56,041 |
| സെൻട്രൽ ഫിനാൻസ് | 0 | 4,57,89,354 | 4,57,89,354 | 1,99,15,898 | 2,58,73,456 |

| | | | | | |
|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | | | |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരി-ച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 195 | 1,103,30,938 | 138 | 7,28,57,230 | 37 | 20 | |

## 1-6 ക്ഷേമ പെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 11,93,100 | 83 |
| വിധവാപെൻഷൻ | 76,21,800 | 549 |
| വാർദ്ധക്യകാലപെൻഷൻ | 85,28,900 | 681 |
| വികലാംഗപെൻഷൻ | 12,57,100 | 88 |
| 50 വയസ്സിന്മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2,57,600 | 16 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 30000 | 1 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-02-2022 തീയതിയിൽ 3:30 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18702/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 120 | 1094578 | 1094638 | 1093873 | 765 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 35000433 | 35000433 | 35000433 | 0 |

ഇൻകം & എക്സ്പെൻഡിച്ചർ ഷെഡ്യൂൾ 1-14 (ബി) പ്രകാരം ചെലവ് 36969285 രൂപയാണ്. ഇതിൽ NREGS ന പുറമെയുള്ള ചെലവുകൾ ഉൾപ്പെടുത്തിയതിനാലാണ് ഈ വ്യത്യാസം.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട പോരായ്മകൾ ബജറ്റ്, അക്കൗണ്ടിങ്, നികുതി ചുമത്തലും നിയന്ത്രണാധികാരപ്രയോഗവും, പദ്ധതി നിർവ്വഹണം എന്നീ വിവിധ ശീർഷകങ്ങളിലായി ഈ ഓഡിറ്റ് റിപ്പോർട്ടിൽ അതാത് ഓഡിറ്റ് ശീർഷകങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 17/01/2022 | 2021 ഏപ്രിൽ - 2021 ഡിസംബർ | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറൽ | 04/07/2017 | 2012-13 To 2016-17 | 31/08/2016 |

## 1-11 വസ്തു നികുതി - റെസിഡൻഷ്യൽ(തൻവർഷം) - ഡിമാന്റ് തുക, മുൻകൂർ തുകകൾ പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 377472 | 380197 | 2419 | -- |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 380197 | 380197 | 10255 | -- |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1. ഡിമാന്റ് തുക, മുൻകൂർ തുകകൾ പൊരുത്തപ്പെടുന്നില്ല.

2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

(ഓഡിറ്റ് എൻക്വയറി 6 (എ) തീ. 21 /2/22)

## 1-12 നോൺ-റെസിഡൻഷ്യൽ (തൻവർഷം)- ഡിമാന്റ് തുക, മുൻകൂർ ക്രമീകരിച്ച തുക എന്നിവ പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2761237 | 2771917 | 5273 | -- |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2771917 | 2771917 | --- | -- |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1. ഡിമാന്റ് തുക, മുൻകൂർ ക്രമീകരിച്ച തുക എന്നിവ പൊരുത്തപ്പെടുന്നില്ല.

2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് –(കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഓഡിറ്റ് എൻക്വയറി 6 (എ) തീ. 21 /2/22)

## 1-13 റെസിഡൻഷ്യൽ (കുടിശ്ശിക)- ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല

റെസിഡൻഷ്യൽ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 45246 | 41230 | 4182 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *64048 | 41230 | **4182 |
| | *(2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (42149+25101= 67250/105*100)=64048* | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (4402/105X100)=4192, ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. ഡിമാന്റ് തുകകൾ പൊരുത്തപ്പെടുന്നില്ല.

2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് –(കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഓഡിറ്റ് എൻക്വയറി 6 (എ) തീ. 21 /2/22)

## 1-14 നോൺ-റെസിഡൻഷ്യൽ (കുടിശ്ശിക)- ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 373026 | 231271 | 141868 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 382155 | 231271 | 141868** |
| | (2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(245832+155431= 401263/105*100)=382155 | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(148986/105X100)=141891, ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1. ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല.
2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് –(കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഓഡിറ്റ് എൻക്വയറി 6 (എ) തീ. 21 /2/22)

## 1-15 ലൈബ്രറി സെസ്സ് - രജിസ്റ്ററും വാർഷികകണക്കുകളും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം + കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീ-കരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസിഡ-ൻഷ്യൽ | 19927 | 2550 | 22477 | 19695 | 2164 | 21859 | 152 | | | 220 | 194 |
| | നോൺ-റെസിഡ-ൻഷ്യൽ | 142886 | 18853 | 161739 | 138830 | 11622 | 150452 | 282 | | | 7118 | 7515 |
| | ആകെ | | | 184216 | | | 369411 | 434 | | 7709 | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 185552 | | | 171610 | | | | 194278 | 7338 | | |
| | | 22733 + 162819 = (2019-20ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 – State Govt. Cess/levies...... ലെഡ്ജർ 2020-21) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36 (വരവ്)) | | | | (431910101 -State Govt. Cess/levies...... ലെഡ്ജർ 2020-21) | (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

1. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള ലൈബ്രറി സെസ്സിന്റെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് –(കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.
2. ഡിമാന്റ് കളക്ഷൻ നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല.
3. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 171610 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 369411 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്.

എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ട് തുകയുമല്ല, മറിച്ച് 194278 രൂപയാണ്. (വൗച്ചർ 42000407, 42000408, 42000417, 42000419 തീ. 31/3/21) (ഓഡിറ്റ് എൻക്വയറി 6 (എ) തീ. 21 /2/22)

## 1-16 ഡിമാന്റ് തുക അതാത് സമയത്ത് രേഖപ്പെടുത്തേണ്ടതാണ്

1/4/2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21 വർഷത്തിൽ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ടെങ്കിലും 2020-21 ലെ “110100101-Property Tax On Residential Building”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Building” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് 9/7/20 മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി 6 (എ) തീ. 21 /2/22)

## 1-17 വസ്തുനികുതി - മുൻകൂർ തുക - വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ" സോഫ്റ്റ്വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ.നം | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 4248 | 37990 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 133 | 19881 |

(ഓഡിറ്റ് എൻക്വയറി 6 (എ) തീ. 21 /2/22)

## 1-18 ജേണൽ വൗച്ചറുകൾ തയ്യാറാക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 6 (എ) തീ. 21 /2/22)

## 1-19 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (1557566) രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (758503) രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല. (ഓഡിറ്റ് എൻക്വയറി 6 (എ) തീ. 21/2/22)

## 1-20 വരുമാനങ്ങളുടെ മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ.നം | വരുമാനം | മുൻകൂർ ശീർഷകം | 31/3/2021 ലെ മുൻകൂർ തുക |
|---|---|---|---|
| 1. | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 99160 |
| 2. | ഡി & ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 190800 |
| 3. | ലൈഫ് സ്റ്റോക്ക് ലൈസൻസ് | 350410303-Advance Collection Of Revenue-Live Stock Farm Licence | 2500 |
| 4. | മറ്റ് വരവുകൾ | 350410999-Advance Collection Of Revenue | 13270 |

(ഓഡിറ്റ് എൻക്വയറി 6 (എ) തീ. 21 /2/22)

## 1-21 അടിസ്ഥാന അനുപാതങ്ങൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)) (ഓഡിറ്റ് എൻക്വയറി 6 (എ) തീ. 21 /2/22)

## 1-22 "280000000-Prior Period Item"- വൗച്ചറുകൾ തയ്യാറാക്കിയിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2021ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 7454 |
| 280100102-Prior Period Income-Profession Tax-Institutions/Professionals/Traders | (34,000) |
| 280200104-Prior Period Income-Property Tax On Residential Buildings | 8032 |
| 280200201-Prior Period Income-Licence Fees | (77100) |
| 280200401-Prior Period-Other Incomes | (107150) |
| 280600101-Prior Period Expenses-Remission And Refund-Rent From Buildings | 44700 |

(ഓഡിറ്റ് എൻക്വയറി 6 (എ) തീ. 21/2/22)

## 1-23 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്. (ഓഡിറ്റ് എൻക്വയറി 6 (എ) തീ. 21/2/22)

## 1-24 പഞ്ചായത്ത് ഭൂമി റവന്യൂ രേഖകളിൽ മാറ്റം വരുത്തേണ്ടതാണ്. പുതിയ പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്

പ്രോജക്ട് നമ്പർ 180/17 ആയി ഷോളയാർ ഗിരിജൻ സൊസൈറ്റിയിൽ നിന്നും 6897511 രൂപ ചെലവിട്ട് പഞ്ചായത്ത് 2.27 1/4 ഏക്കർ ഭൂമി വാങ്ങിയിട്ടുള്ളതാണ്. ഈ നടപടിയ്ക്ക് സ.ഉ.(സാധ)നം. 4422/2016 റവന്യൂ തീയതി 22/10/2016 പ്രകാരം സർക്കാർ സാധൂകരണം ലഭിച്ചിട്ടുള്ളതാണ്. ഇതുമായ ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ/ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഭൂമി പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലേക്ക് മാറ്റി റവന്യൂ രേഖകളിൽ മാറ്റം വരുത്തിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2. 11/02/2020 തീയതി നടന്ന പഞ്ചായത്ത് കമ്മിറ്റി യോഗത്തിലെ 21/01 നമ്പർ തീരുമാന പ്രകാരം ഈ ഭൂമിയിൽ ടൂറിസം പ്രവർത്തനങ്ങൾ നടത്തുന്നതിന് ടൂറിസം വകുപ്പിന്റെ പ്രതിനിധികളുമായി ചേർന്ന് ഒരു യോഗം വിളിച്ച് ചേർക്കുന്നതിന് തീരുമാനിച്ചിരുന്നു. ഇതിൽ എന്തെങ്കിലും തുടർ പ്രവർത്തനങ്ങൾ ഉണ്ടായിട്ടില്ല എങ്കിൽ ആയത് ത്വരിതപ്പെടുത്തേണ്ടതാണ്.

3. തനത് വരുമാനം വളരെക്കുറഞ്ഞ പഞ്ചായത്തിൽ ആയത് വർദ്ധിപ്പിക്കാവുന്ന തരത്തിലുള്ള പദ്ധതികൾ ഈ ഭൂമിയെ അടിസ്ഥാനമാക്കി സർക്കാർ സഹായത്തോടെയൊ, അംഗീകൃത ഏജൻസികളിൽ നിന്ന് ലോൺ മുഖാന്തിരമോ മൂലധനം കണ്ടെത്തി നടത്താനാകുമോ എന്നത് പരിശോധിക്കേണ്ടതാണ്.

4. മേൽപ്രകാരം പഞ്ചായത്തിനു തന്നെ ഒരു ഡി.പി.ആർ തയ്യാറാക്കി സർക്കാരിന് മുൻപാകെ അംഗീകാരത്തിനായി

സമർപ്പിക്കുന്നതിന്റെ സാധ്യതകൾ പരിശോധിക്കാവുന്നതാണ്.

5. മറ്റൊരു പ്രോജക്റ്റ് രൂപകല്പന ചെയ്യുന്നതു വരെ പ്രസ്തുത ഭൂമി പാർക്കിംഗ് ഗ്രൗണ്ട് പോലുള്ള ആവശ്യങ്ങൾക്ക് ഉപയോഗിക്കാമോ എന്ന് ആലോചിക്കേണ്ടതും നിലവിൽ കൃത്യമായി ചുറ്റുമതിൽ ഇല്ല എങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-25 ഫയലുകൾ ലഭ്യമാക്കിയില്ല :- ചെലവ് തുക 3263151/- തടസ്സപ്പെടുത്തുന്നു

ഫയലുകൾ ലഭ്യമാക്കിയില്ല.

2020-21 സാമ്പത്തിക വർഷത്തിൽ ഐ സി ഡി എസ് സൂപ്പർവൈസർ 10 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. 3 പദ്ധതികളുടെ ഫയലുകൾ മാത്രമാണ് ഓഡിറ്റിനായി ലഭ്യമാക്കിയിട്ടുള്ളത്.

7 പദ്ധതികളുടെ ഫയലുകൾ ലഭ്യമാക്കിയിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഹാജരാക്കാത്ത ഫയലുകൾ

| ക്രമ നം | പദ്ധതികൾ | നം. | അടങ്കൽ | ചെലവ് | ചെലവ് വിവരങ്ങൾ |
|---|---|---|---|---|---|
| 1 | അംഗൻവാടി പോഷകാഹാരം | 10/21 | 2503080 | 2195051 | 2195051 * |
| 2 | ഭിന്നശേഷികുട്ടികൾക്ക് സ്കോളർഷിപ്പ് | 22/21 | 36200 | 248700 | 248700 ** |
| 3 | വനിത ജാഗ്രത സമിതി കൗൺസിലർമാർക്ക് ഹോണറേറിയം | 23/21 | 180000 | 120000 | 120000 *** |
| 4 | ഹേർ ഹെൽത്ത് | 24/21 | 20000 | 3000 | 22001089/27.03.21 |
| 5 | വയോജന ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ | 52/21 | 50000 | 9000 | 22001062/10.03.21 |
| 6 | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് | 140/21 | 130600 | 130600 | 22000213/12.04.20 |
| 7 | വൃദ്ധർക്ക് കട്ടിൽ | 169/21 | 804000 | 556800 | 22001082/29.03.21 (വികസന ഫണ്ട് ജനറൽ) |
| ആകെ | | | | 3263151/- | |

*ഇ.ബിൽ വൗച്ചർ പ്രകാരം

വികസന ഫണ്ട് (ജനറൽ)

| വൗച്ചർ നമ്പർ | തുക |
|---|---|
| 22000234/26.05.2020 | 413374 |
| 22000238/9.06.2020 | 331508 |
| 22000319/10.08.2020 | 92765 |
| 22000638/28.10.2020 | 215634 |
| 22000801/28.01.2021 | 20000 |
| 22000828/16.02.2021 | 501300 |
| 220001071/27.03.2021 | 22470 |
| | 1597051 |

ബ്ലോക്ക് ഷെയർ

| | |
|---|---|
| 22000604/25.09.2020 | 99760 |
| 22001066/26.03.2021 | 45210 |
| 22001070/27.03.2021 | 19790 |
| | 164760 |

കേന്ദ്രഫണ്ട് ചെലവ് - 433240 (ചെലവിന്റെ വിവരം ലഭ്യമല്ല)

-------------

ആകെ ചെലവ് –2195051

=========

** വികസന ഫണ്ട് (ജനറൽ)

| വൗച്ചർ നം. | തുക |
|---|---|
| 22000802/28.01.21 | 173700 |
| 22000980/23.03.21 | 75000 |
| | 248700 |

***വികസന ഫണ്ട് (ജനറൽ)

| വൗച്ചർ നം. | തുക |
|---|---|
| 22000634/22.10.2020 | 30000 |
| 22000652/09.11.2020 | 15000 |
| 22000712/05.01.2021 | 15000 |
| 22000827/16.02.2021 | 30000 |
| 22001061/10.03.2021 | 15000 |
| 22001074/29.03.2021 | 15000 |
| | 120000 |

ഫയലുകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ഫയലുകൾ ഹാജരാക്കിയില്ല. ഇക്കാര്യം ചൂണ്ടിക്കാട്ടി പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ ശിശുക്ഷേമ വികസന ഓഫീസർ, തൃശ്ശൂർ, സി.ഡി.പി.ഒ, ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് എന്നിവർക്ക് 11.03.2022ന് കെ.എസ്.എ.ടി.എസ്.ആർ (പി1) 320/2022 നമ്പർ ആയി പ്രത്യേക കത്ത് നൽകിയിട്ടുണ്ട്. ആയവ എത്രയും വേഗം ഹാജരാക്കേണ്ടതും അല്ലാത്ത പക്ഷം ചെലവ് തുക നഷ്ടമായി കണക്കാക്കി ഐ സി ഡി എസ് സൂപ്പർവൈസറിൽ നിന്നും ഈടാക്കേണ്ടതുമാണ്. അതു വരെ ചെലവ് തുക 3290151/- തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം. 7/15-2-2022, 18/28.2.2022)

## 1-26 പഞ്ചായത്ത് ക്രിമിറ്റോറിയം വരവുചെലവുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

പഞ്ചായത്തിന്റെ അധീനതയിൽ കണ്ണൻകുഴി എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന ശ്മശാനത്തിന്റെ ഒരു നിശ്ചിത കാലത്തെ വരവു ചെലവു കണക്കുകൾ കണ്ടിജന്റ് രജിസ്റ്ററിൽ ചെലവു രേഖപ്പെടുത്തിയതു പ്രകാരം താഴെ പറയും പ്രകാരമാണ്.

| കാലയളവ് | ആകെ വരവ് | ആകെ ചെലവ് |
|---|---|---|
| 12/08/2020 മുതൽ 05/10/2021 വരെ | 65000 | 89824 |

കെയർ ടേക്കറുടെ ശമ്പളം, ഗ്യാസ് ചെലവ് എന്നിവ മാത്രമാണ് ചെലവിൽ ചേർത്തിട്ടുള്ളത്. ഇലക്ട്രിസിറ്റി, വാട്ടർ ചാർജ്ജുകൾ പോലുള്ള ചെലവുകൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതാണ്. എന്നിട്ടും വരവു ചെലവുകളിൽ വലിയ വ്യത്യാസം കാണുന്നു. ഇത് വരും കാലത്തിൽ പഞ്ചായത്തിന് വലിയ ബാധ്യത ആകാനിടയുണ്ട്. നിലവിൽ എസ്.സി/എസ്.ടി വിഭാഗത്തിന് 2000, പഞ്ചായത്ത് നിവാസികൾക്ക് 2500, പഞ്ചായത്ത് നിവാസികളല്ലാത്തവർക്ക് 3000 എന്നിങ്ങനെയാണ് ഫീസ് ഈടാക്കി വരുന്നത്. ഫീസുകളിൽ കാലോചിത വർദ്ധന വരുത്തുന്നതടക്കമുള്ള കാര്യങ്ങൾ ഭരണസമിതി പരിഗണിക്കേണ്ടതും വരവുചെലവുകളിലെ പൊരുത്തക്കേട് കുറച്ചു കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

1. നിലവിൽ പഞ്ചായത്തിലെ തദ്ദേശവാസികൾ, പട്ടിക ജാതി വിഭാഗങ്ങൾ എന്നിവർ തങ്ങളുടെ ഇളവിന് ആധാരമായ രേഖകളൊന്നും നൽകുന്നതായി കാണുന്നില്ല. ആധികാരികമായ രേഖകളുടെ പകർപ്പോ, അല്ലാത്ത പക്ഷം വാർഡ് മെമ്പറുടെ സാക്ഷ്യപത്രമോ ഇക്കാര്യത്തിൽ ഉറപ്പ് വരുത്തേണ്ടതാണ്.

## 1-27 ഒഴിവാക്കിയ സേവനങ്ങൾക്ക് ജി എസ് ടി - 21,600 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

1) കേന്ദ്ര വിജ്ഞാപനം 12/17 (Central Tax) Rate തീ. 28/6/17 പ്രകാരവും സംസ്ഥാന സർക്കാർ വിജ്ഞാപനം SRO 371/17 (സർക്കാർ ഉത്തരവ് (പി)73/17 Taxes തീയതി 30/6/17) പ്രകാരവും ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിൽ പഞ്ചായത്തുകളുടെ ചുമതലകളായി ചേർത്തിട്ടുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് യഥാക്രമം കേന്ദ്ര ജി.എസ്.ടി, സംസ്ഥാന ജി.എസ്.ടി എന്നിവ നല്കേണ്ടതില്ല. (" *നോട്ടിഫിക്കേഷൻ പട്ടിക ക്രമ നമ്പർ 3. (Pure Services (Excluding Works Contract Service Or Other Composite Supplies Involving Supply Of Any Goods) Provided To The Central Government, State Government Or Union Territory Or Local Authority Or A Government Authority By Way Of Any Activity In Relation To Any Function Entrusted To A Panchayat Under Article 243G Of The Constitution Or In Relation To Any Function Entrusted To A Municipality Under Article 243W Of The Constitution")*. ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിലെ ക്രമനമ്പർ (Xiii) പ്രകാരം റോഡുകൾ, കലുങ്കുകൾ, പാലങ്ങൾ എന്നിവ പഞ്ചായത്തുകളുടെ ചുമതലയിൽപ്പെടുന്നു.

താഴെ ചേർത്തിരിക്കുന്ന "281/21- സൈമൽ വില്ലേജ് ബ്രിഡ്ജ് ഡിസൈൻ കൺസൾട്ടേഷൻ ഫീ" എന്ന പ്രോജക്റ്റ് പ്രകാരം അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ സൈമൽ വില്ലേജ് റോഡിൽ പാലം പണിയുന്നതിന് സർക്കാർ എഞ്ചിനീയറിംഗ് കോളേജ് തൃശ്ശൂർ ന്റെ Continuing Education Centre ന് Soil Investigation And Structrural Design Consultancy ചെയ്തതിന് Invoice നമ്പർ 958 തീ. 9/11/2020 പ്രകാരം 141600 രൂപ നല്കിയിട്ടുണ്ട്. ഇതിൽ 1,20,000 രൂപ കൺസൾട്ടൻസി ഇനത്തിലും ബാക്കി 21,600 രൂപ (CGST-10,800 രൂപ + SGST -10,800 രൂപ) ജി എസ് ടി ഇനത്തിലുമാണ് നല്കിയിരിക്കുന്നത്. മേൽ സൂചിപ്പിച്ച പ്രകാരം ഇത് പഞ്ചായത്തിന്റെ ചുമതലയുമായി ബന്ധപ്പെട്ട "Pure Service*(Excluding Works Contract Service Or Other Composite Supplies Involving Supply Of Any Goods)* " ആയതിനാൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും ജി എസ് ടി നല്കേണ്ടതില്ല. Invoice ൽ ജി.എസ്.ടി ഒഴിവാക്കി കൺസൾട്ടിംഗ് ഫീ മാത്രം ഉൾപ്പെടുത്തി ലഭ്യമാക്കേണ്ടിയിരുന്നതും ആ തുക മാത്രം നല്കേണ്ടിയിരുന്നതുമാണ്.

2) സേവനം നല്കിയത് സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ആയതിനാൽ മേൽ നോട്ടിഫിക്കേഷന്റെ തന്നെ ക്രമ.നം 5 ആയുള്ള വ്യവസ്ഥ പ്രകാരവും ജിഎസ് ടി തുക നല്കേണ്ടതില്ല എന്ന് കാണുന്നു. *(Services By A Governmental Authority By Way Of Any Activity In Relation To Any Function Entrusted To A Panchayat Under Article 243G Of The Constitution)* ആയതിനാൽ 21,600 രൂപ അധികമായി ജി എസ് ടി തുക നല്കിയതായി കാണുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 14 തീ. 28/2/22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ തുക പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ചതിനാലും സേവനദാതാവ് ജി എസ് ടി തുക ഇനത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളിലേക്ക് അടവാക്കിയിട്ടുണ്ടാകാമെന്നുള്ളതിനാലും പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചതായി പരാമർശിക്കുന്നില്ല. എന്നാൽ പഞ്ചായത്തിന് വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്ന തുക ഇപ്രകാരം ജി എസ് ടി ഒഴിവാക്കിയ ഇനങ്ങൾക്ക് ജി എസ് ടി ഇനത്തിൽ അടവാക്കുന്നത് ഒഴിവാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുന്നത് വരെ കൂടുതലായി അടവാക്കിയ ജി എസ് ടി 21,600 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 കക്കൂസ് നിർമ്മാണം :- വാല്യുവേഷൻ സർട്ടിഫിക്കറ്റില്ല

വി.ഇ.ഒ., മലക്കപ്പാറ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കക്കൂസ് നിർമ്മാണം എന്ന പദ്ധതികളുടെ ഫയൽ പരിശോധിച്ചത് പ്രകാരം 15400/- രൂപ വീതം പണി കഴിഞ്ഞവർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഫയലിൽ വാല്യുവേഷൻ സർട്ടിഫിക്കറ്റില്ല. വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമല്ലാത്തതിനാൽ ചെലവിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. വാല്യുവേഷൻ സർട്ടിഫിക്കറ്റ് എത്രയും വേഗം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

(ഓഡിറ്റ് എൻക്വയറി- നം. 12/ 25.02.2022)

| പദ്ധതി /നം | ഗുണഭോക്താവ് |
|---|---|
| 183/21 | ഷാജി.പി.കെ |
| | രാജൻ |
| | രജനി |
| | ആനി |

| | |
|---|---|
| | അയ്യപ്പൻ |
| | സീത |
| | കാർത്തികേയൻ.പി.പി |
| | അമ്മിണി ശിവൻ |
| | ബീന.പി.കെ |
| | കാർത്തു.കെ.വി |
| | വള്ളി.പി.കെ |
| | സുജാത |
| | വേലായുധൻ |
| | കൊച്ചുറാണി |
| | മേരി |
| | ജോർജ് |
| | ഷൈനി |
| | സത്യൻ പള്ളിയിൽ |

## 1-29 കക്കൂസ് നിർമ്മാണം :- മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല

വി.ഇ.ഒ., മലക്കപ്പാറ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ രജിസ്റ്റർ പ്രകാരം മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തീകരിച്ചതായി കാണുന്നില്ല. പണി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് എൻക്വയറി- നം. 15/ 28.02.2022

| പദ്ധതിയുടെ പേര്/നം. | ഗുണഭോക്താക്കൾ | കൈപ്പറ്റിയ തുക |
|---|---|---|
| കക്കൂസ് നിർമ്മാണം, S0183/21 | മറിയം കുട്ടി | 3400/- |
| | ചക്കി പെരിങ്ങാട്ട് | 3400/- |
| | ദേവകി | 3400/- |
| | ദേവസ്സി | 3400/- |
| | ജോസഫ് | 3400/- |
| | നല്ലമ്മ | 3400/- |

## 1-30 മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല

വി.ഇ.ഒ., വെറ്റിലപ്പാറ 2020-21 വർഷം നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ രജിസ്റ്റർ പ്രകാരം മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തീകരിച്ചതായി കാണുന്നില്ല.

| | | | |
|---|---|---|---|
| വീട് വാസയോഗ്യമാക്കൽ (എസ്.സി), S0184/21 | സുനിത പവിത്രൻ | 50000/- | 28.09.2020 |

ഇക്കാര്യം ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ 15.03.2021 ൽ നോട്ടീസ് നൽകിയിട്ടും പുരോഗതി ഇല്ലാത്തതിനാൽ 02.09.2021 ൽ പഞ്ചായത്ത് കമ്മിറ്റിയിലേയ്ക്ക് ശുപാർശ ചെയ്തിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി- നം. 03/ 18.02.2022)

## 1-31 സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളുടെ ചെലവ്

വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. 2969250/- രൂപ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം നടപ്പിലാക്കിയ പദ്ധതികളിൽ താഴെ പറയുന്ന ചെലവ് വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കേണ്ടത് ഒഴിച്ചുള്ള 2969250/- രൂപ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം. 10/24.02.2022)

| പദ്ധതി /നം. | ബിൽ നം. | തുക | ലഭ്യമാക്കേണ്ട വിവരങ്ങൾ |
|---|---|---|---|
| വെറ്റിലപ്പാറ കണ്ണൻകുഴി നേഴ്സറിപ്പടി ജലനിധി കുടിവെള്ള പദ്ധതിയ്ക്ക് ജലശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കൽ, S0214/21 | 59/20-21 /10.11.2020 | 150000/- | തുക കേരള വാട്ടർ അതോറിറ്റി, പിഎച്ച് ഡിവിഷൻ ഇരിങ്ങാലക്കുടയ്ക്ക് കൈമാറിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |
| സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ, S0161/21 | 56/20-21 /10.11.2020 | 2969250/- | Steel Industries-ന്റെ പക്കൽ നിന്നും Invoice No. CD/19-20 /R/70/27.11.2019 പ്രകാരം 25w -ന്റെ LED Street Light 500 എണ്ണവും 1*20w LED 715 എണ്ണവും വാങ്ങിയിട്ടുണ്ട്. സ്റ്റോക്കിൽ എടുത്തതായി കാണുന്നില്ല. ഇവ സ്ഥാപിച്ചതിന്റെ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്. |
| ഐ.കെ.എം വിഹിതം, S0002/21 | 06/20-21 /19.06.2020 | 160000/- | വിനിയോഗ സാക്ഷ്യപത്രം |
| വിവിധ ജലനിധി പദ്ധതികൾക്ക് പഞ്ചായത്ത് വിഹിതം വകയിരുത്തൽ, S0242/21 | 89/20-21 /09.02.21 | 344250/- | തുക GPLAC, ജലനിധിയ്ക്ക് കൈമാറിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. |

1-32 ജി.എസ്.ടി ഈടാക്കിയിട്ടില്ല

മലക്കപ്പാറ G.U.P സ്കൂൾ ഇലക്ട്രിഫിക്കേഷൻ എന്ന പദ്ധതിയുടെ ഫൈനൽ ബില്ലിൽ നിന്നും 2% GST ഈടാക്കിയിട്ടില്ല. ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

പദ്ധതി. നം. S00 72/21

നി. ഉ. –സെക്രട്ടറി

കോൺട്രാക്ടർ –ആനന്ദൻ.ഇ.ആർ

എം.ബി. നം. –01/2021

ബിൽ നം. - 124/20-21/22.03.2021

| നൽകിയത് | നൽകേണ്ടത് | അധികം |
|---|---|---|
| പ്രവർത്തി മൂല്യം -403785.50<br>GST-12% -48454.26<br>സൂപ്പർ വിഷൻ ചാർജ്ജ് -22481.89<br>474722<br>കുറയ്ക്കുക:-<br>IT 1% -4038<br>KCWWF - 4038<br>സൂപ്പർ വിഷൻ ചാർജ്ജ് -22481.89<br>ആകെ -444164 | പ്രവർത്തി മൂല്യം -403785.50<br>GST-12% -48454.26<br>സൂപ്പർ വിഷൻ ചാർജ്ജ് -22481.89<br>474722<br>കുറയ്ക്കുക:-<br>IT 1% -4038<br>KCWWF - 4038<br>സൂപ്പർ വിഷൻ ചാർജ്ജ് -22481.89<br>2% GST -8075.77<br>ആകെ -436088 | 8076/- |

## 1-33 തണ്ണീർ പന്തൽ പദ്ധതി

2020-21 വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ തണ്ണീർ പന്തൽ പദ്ധതിയ്ക്കായി (നം. 158/21) 886487/- രൂപ (വൗച്ചർ നം. 22000890/10.05.2020) സോഷ്യോ ഇക്കണോമിക്സ് യൂണിറ്റ് ഫൗണ്ടേഷൻ, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എഗ്രിമെന്റ് നം. 17/2019-20/26.02.2020 പ്രകാരം മൂന്ന് മാസത്തിനുള്ളിൽ പദ്ധതി നടപ്പിലാക്കേണ്ടതാണ്. 1803967/- രൂപ അടങ്കൽ ഉള്ള ഈ പദ്ധതി തൻവർഷം പൂർത്തീകരിച്ചിട്ടില്ല. പൂർത്തീകരിച്ചതിന്റെ വിവരങ്ങളും ഫൈൻ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ 2021-22 വാർഷിക പദ്ധതിയിൽ ടി പദ്ധതി സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും കരാർ സ്ഥാപനം 16.12.2021 ന് പ്രവൃത്തി പൂർത്തീകരിച്ച് 1788000/- രൂപയുടെ ഫൈനൽ ബിൽ സമർപ്പിച്ചിട്ടുണ്ടെന്നും 24.12.2021 ലെ 1(19) നമ്പർ തീരുമാന പ്രകാരം 2% തുകയും ആദ്യം നൽകിയ തുകയുടെ 5% (886487/- രൂപയുടെ) പിഴ പലിശ ഈടാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട് എന്ന് പറഞ്ഞിട്ടുണ്ട്. പിഴ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 13/28.02.2022)

## 1-34 മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതു വരെ പണി പൂർത്തീകരിച്ചിട്ടില്ല

വി.ഇ.ഒ., മലക്കപ്പാറ 2020-21 വർഷം നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ രജിസ്റ്റർ പ്രകാരം മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തീകരിച്ചതായി കാണുന്നില്ല. പണി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര്/നം. | ഗുണഭോക്താക്കൾ | കൈപ്പറ്റിയ തുക | കൈപ്പറ്റിയ തീയതി |
|---|---|---|---|
| ലൈഫ് ഭവനം, എസ്.സി,, (ഫേസ് 2) (നൽകാവുന്നത് 400000/-) | അനിത | 360000/- | 19.01.2019 |
| | സുരേഷ് ബാബു | 40000/- | 16.10.2018 |

| | | | |
|---|---|---|---|
| ലൈഫ് ഭവനം, എസ്.ടി, (ഫേസ് 2) (നൽകാവുന്നത് 600000/-) | സുനിത | 420000/- | 05.03.2020 |

## 1-35 ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ചെലവ് തുക 323888/- തടസ്സപ്പെടുത്തുന്നു.

2020-21 വർഷത്തെ തനത് ഫണ്ട് വൗച്ചർ നം. 22000565/08.01.2021 പ്രകാരം 323888/- രൂപ 2017-18 -കോർപ്പസ് ഫണ്ട് -അടിച്ചിലി തൊട്ടി കുടിവെള്ള പദ്ധതി First & Part Bill തുക ജെൻസിൽ ക്ലമന്റ് എന്ന കോൺട്രാക്ടർക്ക് നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ഫയൽ, പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. അതു വരെ ചെലവ് തുക 323888/- തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം. 16/28.02.2022)

## 1-36 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

മെഡിക്കൽ ഓഫീസർ, വെറ്റിലപ്പാറ PHC നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ക്യാൻ - തൃശ്ശൂർ എന്ന പദ്ധതിയ്ക്ക് (പദ്ധതി നമ്പർ : SO 036/20) വൗച്ചർ നമ്പർ : 22000979 /23.03.2021 *പ്രകാരം* 80000/- രൂപ ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പ്രാരംഭ തുക | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | ഒ ബി 1500000 | 924610 | 0 | ഐ ബി ഷെയർ | 11500000 | - |
| | | | | ലൈഫ്മിഷൻ പദ്ധതി | 320000 | 604610 |
| ജില്ലാ പഞ്ചായത്ത് | | 1173102 | 0 | ലൈഫ്മിഷൻ പദ്ധതി വീടുകളുടെ നിർമ്മാണം (എസ്.ടി) (179/21) | 220000 | 953102 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| ഒ.ബി കേരള വാട്ടർ അതോറിറ്റി | - | - | 1500000 | NIL |
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | വിവിധ വാർഡുകളിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നത് | U000000815605146, U000000809843584 | 20,428 | 20428 |
| അനർട്ട് | പഞ്ചായത്ത് ഓഫീസിൽ സോളാർ പവർ പ്ലാൻറ് സ്ഥാപിക്കൽ | U000000788421600 | 14,92,700 | 0 |
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് ലൈൻ വലിക്കൽ | U000000823661124 | 16,24,908 | 0 |
| ഐ ആർ ടി സി | പ്ലാസ്റ്റിക് സെഗ്രഗേഷൻ യൂണിറ്റ്-ഐആർടിസിക്ക് തുക കൈമാറൽ | 2,20,00,314 | 11,00,000 | 0 |
| സോഷ്യോ എക്കോണമിക് യൂണിറ്റ് ഫൗണ്ടേഷൻ | തണ്ണീർപ്പന്തൽ - കുടിവെള്ള പദ്ധതി | 2,20,00,890 | 8,86,487 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

വാർഷിക കണക്കിൽ ആർ.പി. (10) ഷെഡ്യൂൾ പ്രകാരം 1698 രൂപ വരവുണ്ട്. എന്നാൽ പഞ്ചായത്തിൽ നിന്നും വിശദാംശങ്ങൾ ലഭ്യമാകാത്തതിനാൽ തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | 3.56.1 | 2002-03 To 2006-07 | 3.56.1 | കാട വളർത്തൽ പദ്ധതി 71000/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. ഓഡിറ്റ് റിപ്പോർട്ട് 2002 ഖണ്ഡിക 3.56.1 തൃശ്ശൂർ കാട വളർത്തൽ സൊസൈറ്റി സെക്രട്ടറിക്ക് കാട വളർത്തൽ പദ്ധതി നടപ്പിലാക്കുന്നതിനായി മുൻകൂർ നൽകിയ തുകയിൽ 71000/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. | ഓഡിറ്റ് റിപ്പോർട്ട് 2002 ഖണ്ഡിക 3.56.1 തൃശ്ശൂർ കാട വളർത്തൽ സൊസൈറ്റി സെക്രട്ടറിക്ക് കാട വളർത്തൽ പദ്ധതി നടപ്പിലാക്കുന്നതിനായി മുൻകൂർ നൽകിയ തുകയിൽ 71000/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള മുൻകൂർ നൽകിയ തുകയിൽ 71000/- രൂപ തിരിച്ചടക്കാൻ തൃശ്ശൂർ കാടവളർത്തൽ സൊസൈറ്റി സെക്രട്ടറിക്ക് 05/03/2014 ൽ എ2-1061/2014 നമ്പർ രജിസ്റ്റേർഡ് കത്ത് നൽകിയിട്ടുണ്ട്. നാളിതുവരെ യാതൊരു മറുപടി ലഭ്യമാക്കുകയോ പണം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. പ്രസ്തുത തുക ഈടാക്കുന്നതിന് 2019/8808/08 റിക്വിസിഷൻ നമ്പർ 24/08/19 തീയതി പ്രകാരം റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ബോധിപ്പിക്കുന്നു. ടി സൊസൈറ്റി സെക്രട്ടറി ആർ.ആർ നോട്ടീസിനെതിരായി ബഹു. കേരള ഹൈക്കോടതിയിൽ WP(C) No. 32044/2019 നമ്പറായി കേസ് ഫയൽ ചെയ്തിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| | | | | | ആർ.ആർ.സി സ്റ്റാറ്റസ് ഉള്ളടക്കം ചെയ്യുന്ന (അനുബന്ധം 3). |
| 2006-07 | 3.56.2 | 2003-04, 2004-05 | 3.56.2 | മലക്കപ്പാറ കുടിവെള്ള പദ്ധതിക്കുവേണ്ടി വാങ്ങിയ പൈപ്പുകൾ ജലനിധിയുടെ പദ്ധതിക്കുവേണ്ടി ഉപയോഗിച്ച എന്ന സെക്രട്ടറിയുടെ വാദം തെറ്റാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുനപരിശോധന റിപ്പോർട്ടിൽ നിന്നും ബോധ്യമാകുന്നു.ഇതിൽ നിന്നും പദ്ധതിയിൽ ക്രമക്കേട് നടന്നതായി സമിതി അനുമാനിക്കുന്നു. പദ്ധതി നടത്തിപ്പിന്റെ ഗുണഭോക്തൃസമിതി കൺവീനർ കൈപ്പറ്റിയ 66000/- രൂപ മറ്റു രണ്ടു പദ്ധതികളുടെ ബിൽ തുകയിൽ നിന്ന് തിരികെ ഈടാക്കിയതായും സമിതി മനസ്സിലാക്കുന്നു. എന്നാൽ മലക്കപ്പാറ കുടിവെള്ള പദ്ധതിക്കു വേണ്ടി വാങ്ങിയ പൈപ്പുകൾ ജലനിധിയുടെ പദ്ധതിക്കുവേണ്ടി ഉപയോഗിച്ച എന്നുള്ളതിനും ചട്ടപ്രകാരമാണ് ക്വട്ടേഷൻ ക്ഷണിച്ചത് എന്നതിനും വ്യക്തമായ യാതൊരു തെളിവുമില്ലാത്ത സാഹചര്യത്തിൽ ഈ പദ്ധതിക്കായി ചെലവാക്കിയ തുക ദുർവിനിയോഗമായി സമിതി വിലയിരുത്തുന്നു. ആയതിനാൽ | അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2002-03 ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.11 (സമാഹൃത റിപ്പോർട്ട് ഖണ്ഡിക 3.56.2) പ്രകാരം മലക്കപ്പാറ കുടിവെള്ള പദ്ധതിക്ക് 100 എച്ച്.പി മോട്ടോറും പിവിസി പൈപ്പും വാങ്ങിയതിനു ശേഷം പദ്ധതി ഉപേക്ഷിച്ചതു മൂലം 320320/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുള്ളതായും ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിന് പരാമർശം ഉണ്ട്. ടി പദ്ധതിക്ക് വേണ്ടി വാങ്ങിയ 100 എച്ച്.പി മോട്ടോർ മറ്റു പദ്ധതികൾക്കു വേണ്ടി ഉപയോഗിക്കാൻ സാധിക്കാത്തതിനാൽ പ്രസ്തുത മോട്ടോർ കാലപ്പഴക്കം മൂലം ലേലം ചെയ്തു നൽകുവാൻ സർക്കാർ അനുമതിക്കു വേണ്ടി 03/12/2016 ൽ എ2-5086/16 പ്രകാരം കത്ത് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ അനുമതി ലഭിച്ചിട്ടില്ലാത്തതാണ്. പ്രസ്തുത പദ്ധതി നടത്തിപ്പിന്റെ ഗുണഭോക്തൃ സമിതി കൺവീനറായ ശ്രീ. പോൾസൺ എന്നവർക്ക് 66000/- രൂപ അഡ്വാൻസ് ആയി നൽകിയിട്ടുള്ളതും ആകെ നഷ്ടം സംഭവിച്ച 320320/- രൂപയിൽ 66000/- രൂപ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | കൺവീനർ തിരികെ അടച്ച തുകയൊഴിച്ചുള്ള തുക മുഴുവനും ഉത്തരവാദികളിൽ നിന്നും ഈടാക്കി റിപ്പോർട്ട് നൽകുവാൻ സമിതി ശുപാർശ ചെയ്യുന്നു. | കൺവീനറായ ശ്രീ. പോൾസൺ എന്നവരിൽ നിന്ന് മലക്കപ്പാറ കംഫർട്ട് സ്റ്റേഷൻ പണിയുടെ ബില്ലിൽ നിന്നും 27040/- രൂപയും (വൗച്ചർ നമ്പർ 3 തിയതി 06/05/2002) മലക്കപ്പാറ കമ്മ്യൂണിറ്റി ഹാൾ മെയിന്റനൻസ് പണിയുടെ ബില്ലിൽ നിന്നും 38960/- രൂപയും (വൗച്ചർ നമ്പർ 4 തിയതി 06/05/2002) അടക്കം 66000/- രൂപ ഈടാക്കിയിട്ടുണ്ട്. ബാക്കി തുകയായ 254320/- അടവാക്കുന്നതിനായി 10/06/2016 ൽ പ്രസ്തുത കാലയളവിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി ശ്രീമതി. കെ.ആർ സബേത്ത് എന്നവർക്ക് കത്ത് നൽകിയെങ്കിലും ടിയാരി മസ്തിഷ്കാഘാതം മൂലം കിടപ്പിലാണെന്ന് അറിയിച്ച് 25/06/2016 ൽ മറുപടി തരികയും തുക അടവാക്കാത്തതുമാകുന്നു. ആയതിനാൽ 254320/- രൂപ അടവാക്കുന്നതിന് 2019/8806/08 റിക്വസിഷൻ നമ്പർ തീയതി 24/08/2019 പ്രകാരം റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുള്ളതുമാകുന്നു. RRC സ്റ്റാറ്റസ് ഉള്ളടക്കം ചെയ്യുന്നു. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 86479601 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 87238104 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6577889/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 3263151/- | ഇന്ദു വിശ്വകുമാർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-27 | 21600/- | ശ്രീ. റാഷി. പി.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-31 | 2969250/- | പ്രദീപ്. പി.ജി, സെക്രട്ടറി |
| 1-35 | 323888/- | പ്രദീപ്. പി.ജി, സെക്രട്ടറി |
| ആകെ | 6577889/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | ഇല്ല |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല.

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ഖണ്ഡിക നമ്പർ | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | സ്ഥിരം മേൽവിലാസം |
|---|---|---|
| 1-25 | ഇന്ദു വിശ്വകുമാർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | കരിപ്പാത്ര ഹൗസ്, താന്നിശ്ശേരി സൗത്ത്, ഐരാണിക്കുളം പി.ഒ, മാള-680734 |
| 1-27 | ശ്രീ. റാഷി. പി.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ | പുതുക്കാടി ഹൗസ്, വെസ്റ്റ് ചാലക്കുടി-680307 |
| 1-31 | പ്രദീപ്. പി.ജി, സെക്രട്ടറി | പന്തപ്പിള്ളി വീട്, കൊക്കുന്ന് പി.ഒ, എറണാകുളം-683577 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 96-97 | എൽ.എഫ്.ടി.7-553/99/ 4.11.99 | | |

| | | | |
|---|---|---|---|
| 97-98 | എൽ.എഫ്.ടി.7-554/99/ 4.11.99 | | |
| 98-99 | എൽ.എഫ്.ടി.7-618/2000/ 28.11.02 | | |
| 99-2000, 2001-02 (പ്ലാൻ) | എൽ.എഫ്.ടി.14-1204/03/ 3.2.04 | | |
| 99-2000 | എൽ.എഫ്.ടി.14-875/05/ 11.8.05 | | |
| 2000-01 | എൽ.എഫ്.ടി.14-867/05/ 11.8.05 | | |
| 2001-02 | എൽ.എഫ്.ടി.14-945/05/ 11.8.05 | | |
| 2002-03 | എൽ.എഫ്.ടി.14-618/06/ 19.8.06/9.1.07 | | |
| 2003-04 | എൽ.എഫ്.ടി.14-619/06/ 19.806 | | |
| 2004-05 | എൽ.എഫ്.ടി.14-65/09/ 21.12.09 | | |
| 2005-06 | എൽ.എഫ്.ടി.14-821/09/ 24.7.10 | | |
| 2006-07 | എൽ.എഫ്.ടി.14-822/09/ 24.7.10/10.11.10 | | |
| 2007-08 | എൽ.എഫ്.ടി.15-690/11/ 28.9.11 | | |
| 2008-09 | എൽ.എഫ്.ടി.15-691/11/ 19.2.11/2.1.12 | | |
| 2009-10, 2010-11 | എൽ.എഫ്.ടി.പി.3-1662/12/ 11.1.13/6.4.13 | | |
| 2011-12 | എൽ.എഫ്.ടി.പി.7-1985/13 3.4.14/13.6.14 | | |
| 2012-13 | എൽ.എഫ്.ടി.പി.7-1908/14 10.6.15/27.7.15 | | |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.(പി.7)221/16 തീ. 22.02.2016 | | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.(പി.7)1278/16/ തീ. 29.07.2016 | | |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.(പി.7) 75/2017 തീ. 25.01.2017 | | |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ. (പി.7)1055/2017 തീ. 28.07.2017 | | |
| 2017-18 | നം കെ.എസ്.എ.ടി.എസ്.ആർ. (പി.7)338/2019 തീയതി: 16.05.2019 | | |
| 2018-19 | നം കെ.എസ്.എ.ടി.എസ്.ആർ(പി7)332/2020 തീയതി: 12.05.2020 | | |
| 2019-20 | കെ.എസ്.എ.ടി.എസ്.ആർ (പി1) 326/2022 തീയതി: 17.05.2022 | | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്